# കേരള കാർഷിക സർവ്വകലാശാല

നാളികേര ഗവേഷണ കേന്ദ്രം

കട്ടച്ചൽക്കുഴി,
ബാലരാമപുരം

തീയതി: 05/07/2023

നമ്പർ: ബി.363/2014

**ക്വട്ടേഷൻ/ലേലപ്പരസ്യം**

കട്ടച്ചൽക്കുഴി നാളികേര ഗവേഷണ കേന്ദ്രത്തിൽ അപകടകരമായ വിധത്തിൽ വൈദ്യുത ലൈനിലേക്ക് വീഴാറായ വൃക്ഷ ശിഖരങ്ങൾ അടിയന്തിരമായി മുറിച്ചു മാറ്റുന്നതിന് മത്സര സ്വഭാവത്തിലുള്ള ക്വട്ടേഷൻ ക്ഷണിക്കുന്നു. മരങ്ങളുടെ വിവരങ്ങൾ ചുവടെ

| SL No | ശിഖരങ്ങൾ കോതേണ്ട വൃക്ഷത്തിൻറെ പേര് | എണ്ണം | Location (Post No) |
|---|---|---|---|
| 1. | മഹാഗണി | 1 | UB-40 |
| 2. | തെങ്ങ് | 1 | UB-44 |
| 3. | Wild Tree | 1 | UA-1 |
| 4. | Wild Tree | 1 | UA-2 |
| 5. | ആഞ്ഞിലി | 1 | UA-3 |
| 6. | മഹാഗണി | 1 | UA-8 |
| 7. | മഹാഗണി | 1 | UA-9 |
| 8. | മഹാഗണി | 2 | UK-2 |
| 9. | ആഞ്ഞിലി | 1 | UK-5 |

കാലവർഷം ശക്തി പ്രാപിക്കുന്നതിനാൽ ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തി അടിയന്തിരമായി വൃക്ഷ ശിഖരങ്ങൾ മുറിച്ചുമാറ്റേണ്ടതാണ്. ക്വട്ടേഷനിൽ പങ്കെടുക്കുവാൻ താത്പര്യമുള്ളവർ താത്പര്യപ്പെടുന്ന തുക/നിരക്ക് രേഖപ്പെടുത്തി കവറിലാക്കി സീൽ ചെയ്ത ക്വട്ടേഷൻ **"മരങ്ങളുടെ ശിഖരങ്ങൾ മുറിക്കുന്നതിനുള്ള ക്വട്ടേഷൻ"** എന്ന മേലെഴുത്തോടുകൂടി പ്രൊഫസർ ആന്റ് ഹെഡ്, നാളികേര ഗവേഷണ കേന്ദ്രം, കട്ടച്ചൽക്കുഴി പി.ഒ., ബാലരാമപുരം –695501 എന്ന വിലാസത്തിൽ **12/07/2023-ന് ഉച്ചയ്ക്ക് 2.00 മണിയ്ക്ക് മുമ്പായി** ലഭിക്കത്തക്കവിധം അയയ്ക്കുകയോ നേരിട്ട് എത്തിയ്ക്കുകയോ ചെയ്യേണ്ടതാണ്. ലഭിച്ച ക്വട്ടേഷനുകൾ അന്നേ ദിവസം ഉച്ചയ്ക്ക് 2.30 മണിക്ക് തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരിക്കുന്ന ക്വട്ടേഷൻ സ്വീകരിക്കുന്നതുമായിരിക്കും.

ക്വട്ടേഷൻ റദ്ദുചെയ്യുന്നതിനും, മാറ്റിവയ്ക്കുന്നതിനും, സ്ഥിരപ്പെടുത്തുന്നതിനുമുള്ള പൂർണ്ണ അധികാരം സ്റ്റേഷൻ മേധാവിയിൽ നിക്ഷിപ്തമായിരിക്കും. സർക്കാർ ക്വട്ടേഷനുകൾക്ക് ബാധകമായ എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും. ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തി ഈ കേന്ദ്രത്തിൽ നിന്നും നൽകുന്ന വ്യവസ്ഥകൾ രേഖപ്പെടുത്തിയ സമ്മത പത്രം ഒപ്പിട്ടു നൽകേണ്ടതാണ്.

ക്വട്ടേഷനിലും, പരസ്യലേലത്തിലും പ്രത്യേകമായോ, രണ്ടിലും കൂടിയോ പങ്കെടുക്കുവാൻ താത്പര്യപ്പെട്ടു വരുന്നവർക്ക് അർഹതയുണ്ടായിരിക്കും. മുറിക്കുവാനായി വച്ചിരിക്കുന്ന മുഴുവൻ ശിഖരങ്ങൾക്കും കൂടിയല്ലാതെ, പട്ടികയിലുൾപ്പെട്ട തിരഞ്ഞെടുത്ത ശിഖരങ്ങൾക്കു മാത്രമായി ലേലം വിളിക്കാനും, ക്വട്ടേഷൻ സമർപ്പിക്കുവാനും അനുവാദം ഉണ്ടായിരിക്കുന്നതല്ല. ക്വട്ടേഷനിൽ/

പരസ്യലേലത്തിൽ പങ്കെടുക്കുവാൻ താത്പര്യമുള്ളവർ 1000 രൂപ (ആയിരം രൂപ) നിരതദ്രവ്യമായി ഈ ഓഫീസിൽ കെട്ടിവെയ്ക്കേണ്ടതാണ്.

മുറിക്കേണ്ട മരങ്ങളുടെ ശിഖരങ്ങൾ നേരിൽക്കണ്ട് ബോധ്യപ്പെടുന്നതിന് താത്പര്യമുള്ളവർക്ക് നേരിട്ട് ഹാജരായാൽ ഓഫീസ് പ്രവൃത്തി സമയത്ത് അതിനുള്ള സൗകര്യം ചെയ്തുകൊടുക്കുന്നതാണ്. വിശദ വിവരങ്ങൾക്ക് 0471 – 2400621 എന്ന ടെലിഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

(ഒപ്പ്)
**പ്രൊഫസർ ആന്റ് ഹെഡ്**

പകർപ്പ്:

1. പ്രൊഫസർ, (ഫാം ഇൻ-ചാർജ്ജ്)
2. ഫാം മാനേജർ
3. വെങ്ങാനൂർ/കോട്ടുകാൽ വില്ലേജാഫീസുകളിലെ നോട്ടീസ് ബോർഡിലേയ്ക്ക്
4. ബാലരാമപുരം/കോട്ടുകാൽ/കല്ലിയൂർ/വിഴിഞ്ഞം പഞ്ചായത്ത് ഓഫീസുകളിലെ നോട്ടീസ് ബോർഡിലേയ്ക്ക്
5. സി.ആർഎസ് നോട്ടീസ് ബോർഡ്/ കരുതൽ ശേഖരം

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്**

## സമ്മത പത്രം

1. ക്വട്ടേഷനിൽ കാണിച്ചിട്ടുള്ള തുകയ്ക്ക് ആവശ്യാനുസരണം തൊഴിലാളികളെ നിയോഗിച്ച് ജോലികൾ തൃപ്തികരമായി ചെയ്യിച്ചു തരാൻ ഞാൻ സമ്മതിക്കുന്നു.
2. ഈ കേന്ദ്രത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകുന്ന നിർദ്ദേശങ്ങളും മാർഗ്ഗരേഖകളും പ്രകാരം ജോലി ചെയ്യിക്കുന്നതിനും ആവശ്യപ്പെടുന്നപക്ഷം ഏതെങ്കിലും കരാർ തൊഴിലാളികളെ മാറ്റി പകരം കരാർ തൊഴിലാളികളെ നിയോഗിച്ച് ജോലി യഥാസമയം നിർവ്വഹിച്ചു തരുന്നതിനും സമ്മതിക്കുന്നു.
3. കരാർ തൊഴിലാളികളുടെ അശ്രദ്ധയോ കൈപ്പിഴയോ കാരണം ഈ കേന്ദ്രത്തിലെ സ്ഥാവര ജംഗമ വസ്തുക്കൾക്കോ, മരങ്ങൾക്കോ, കൃഷിക്കോ, പൊതു ജനങ്ങൾക്കോ, സമീപത്തുള്ള പുരയിടങ്ങൾക്കോ വിളകൾക്കോ യാതൊരു തരത്തിലുള്ള നാശ നഷ്ടമുണ്ടാക്കില്ല എന്നും, നാശനഷ്ടം സംഭവിക്കുന്ന പക്ഷം നഷ്ട പരിഹാരം നൽകുന്നതിനും എനിക്ക് സമ്മതമാണ്.
4. കരാർ തൊഴിലാളികളുടെ അശ്രദ്ധയോ, കൈപ്പിഴയോ കാരണം അവർക്ക് എന്തെങ്കിലും അത്യാഹിതമുണ്ടായാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്തം എനിക്ക് മാത്രമായിരിക്കുമെന്നും സമ്മതിക്കുന്നു.

5. ജോലികൾ ചെയ്തു തരുന്നതിൽ ബന്ധപ്പെട്ട എല്ലാ തൊഴിൽ നിയമങ്ങളും പാലിക്കുമെന്നും ഇക്കാര്യത്തിൽ ഈ കേന്ദ്രത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നല്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ചുകൊള്ളാമെന്നും സമ്മതിക്കുന്നു.

(ഒപ്പ്)

(ക്വട്ടേഷൻ നൽകുന്ന ആളിന്റെ പേരും മേൽവിലാസവും)